**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** **14-09-2023 - ൽ മറുപടിയ്ക്ക്**

**കടമെടുപ്പ് പരിധിയും കിഫ്ബി പദ്ധതികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതി നിർവ്വഹണത്തിനായി കടമെടുക്കുന്നത് സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടു വന്നത് കിഫ്ബി മുഖേന പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിലവിൽ 82,324.33 കോടിയിൽപരം രൂപയുടെ 1073 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിനു (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) പുറമെ ധനവിപണിയിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി അതിന്റെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിന് കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി നിലവിൽ ലഭിച്ചുവരുന്ന ആന്വിറ്റികൊണ്ട് തിരിച്ചടക്കാവുന്ന തുകയുള്ള പദ്ധതികൾക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾ മാത്രം ഇനി കിഫ്ബിയിലേക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്നും കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റീ & അഡ്വൈസറി കമ്മീഷൻ (FTAC) സർക്കാരിനു മുന്നേതന്നെ നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തെരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രമേ കിഫ്ബിയിലേക്ക് നിലവിൽ നിർദ്ദേശിക്കപ്പെടുന്നുള്ളൂ.<br><br>എന്നാൽ കിഫ്ബിയുടെ കടമെടുപ്പ് സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടു വന്നത് സർക്കാരിന്റെ ധനകാര്യ സ്ഥിതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങളെയും ഏറ്റെടുത്തിരിക്കുന്ന മറ്റ് |

| | | | |
|---|---|---|---|
| | | | വികസന പ്രവർത്തനങ്ങളെയും സാമൂഹ്യസുരക്ഷ പദ്ധതികളെയും കാര്യമായി ബാധിക്കുന്നുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 293(1) പ്രകാരം സംസ്ഥാനത്തിന് അതിന്റെ സഞ്ചിതനിധിയുടെ പുറത്ത് ഇന്ത്യ രാജ്യത്തിനകത്തുനിന്നും ലഭ്യമാകുന്ന വായ്പകൾക്ക് ഗ്യാരന്റി നൽകുവാൻ അധികാരമുണ്ട്. സംസ്ഥാനത്തിന്റെ നിയമനിർമ്മാണ സഭയ്ക്ക് ഈ ഗ്യാരന്റിയുടെ പരിധി നിശ്ചയിക്കാൻ അധികാരമുണ്ട്. ഇത്തരത്തിലുള്ള ഗ്യാരന്റിയാണ് കിഫ്ബി, സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനി എന്നിങ്ങനെയുള്ളവ മുഖേനയുള്ള വായ്പകൾക്ക് സംസ്ഥാന സർക്കാർ നൽകിവരുന്നത്. ഇവ സംസ്ഥാനത്തിന്റെ നേരിട്ടുള്ള വായ്പകളല്ല. ഇവ സംസ്ഥാനത്തിന്റെ കണ്ടിജന്റ് ലയബിലിറ്റികൾ മാത്രമാണ്. ഈ ഗ്യാരന്റികൾ ഫിനാൻസ് കമ്മീഷൻ നിഷ്കർഷിക്കുന്ന GSDPയുടെ 3.5% എന്ന വായ്പ പരിധിയിൽ ഉൾപ്പെടുത്താൻ പാടില്ല. ഇതിനെല്ലാം പുറമെ നിയമപരമായി സംസ്ഥാന സർക്കാരിനു നൽകേണ്ട തുകകൾ നൽകുന്നതിലും കേന്ദ്ര സർക്കാർ വീഴ്ച വരുത്തുന്നു. ഭരണഘടനപരമായ സംസ്ഥാനത്തിന്റെ അവകാശങ്ങളിലേക്ക് എക്സിക്യൂട്ടീവ് ഉത്തരവുകൾ വഴി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ് കേന്ദ്ര സർക്കാർ നിലവിൽ ചെയ്തുവരുന്നത്. ഇത്തരത്തിലുള്ള നീക്കങ്ങൾക്കെതിരെ സുപ്രീം കോടതിയെ സമീപിക്കുവാനും സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | ഏറ്റെടുക്കുന്ന കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പണം ഏതു രീതിയിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ വിവിധ ബാങ്കുകൾ, ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവയിൽ നിന്നും ലോണുകൾ മുഖേനയും, ആഭ്യന്തര വിപണിയിൽ നിന്നും ബോണ്ടുകൾ മുഖേനയുമാണ് മുഖ്യമായി കിഫ്ബി ധനസമാഹരണം നടത്തി വരുന്നത്. കൂടാതെ കെ.എസ്.എഫ്.ഇ യുമായി ചേർന്നുള്ള പ്രവാസി ചിട്ടി, കെ.എൻ.ആർ.കെ.ഡബ്ല്യൂ.ബിയുടെ ഡിവിഡന്റ് സ്കീം എന്നിവയിലൂടെയും കിഫ്ബി ധനസമാഹരണം നടത്തുന്നുണ്ട്. ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾക്കായി ഇതേ രീതിയിൽ ധനസമാഹരണം നടത്തുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. |
| (സി) | കിഫ്ബി മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ കരാറുകാർക്ക് നൽകാനുള്ള തുക കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | കിഫ്ബി പദ്ധതികളുടെ പൂർണമായ നിർവഹണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഭരണവകുപ്പ് നിയമിക്കുന്ന നിർവഹണ ഏജൻസികൾക്കാണ്. കരാറുകാർ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച്, പണം നൽകുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതും അതത് നിർവഹണ |

| | | | |
|---|---|---|---|
| | | | ഏജൻസികളാണ്. ഇപ്രകാരം നിർവഹണ ഏജൻസികൾ പാസാക്കി അനുമതി ഉത്തരവിനോടൊപ്പം കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി പണം നൽകി വരുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ കരാറുകാർ സമർപ്പിക്കുന്ന ബില്ലുകൾ നിർവഹണ ഏജൻസികൾ പരിശോധിച്ച് അനുമതി ഉത്തരവിനോടൊപ്പം കിഫ്ബിയിൽ സമർപ്പിക്കുമ്പോൾ മാത്രമേ അത് കിഫ്ബിയുടെ ബാധ്യതയാവുന്നുള്ളൂ. 02.09.2023 ലെ വിവരങ്ങൾ പ്രകാരം, കിഫ്ബിയിൽ നിലവിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള 37 ബില്ലുകളിലായി ഏകദേശം 62 കോടി രൂപയാണ് കരാറുകാർക്ക് നൽകാനുള്ളത്. ഈ ബില്ലുകൾ കിഫ്ബിയിൽ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. പരിശോധന പൂർത്തിയാക്കി ഇവ കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പുവരുത്തുന്ന പക്ഷം സമയബന്ധിതമായി പണം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ